**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ഡോ. രമ്യ രാജൻ, അസിസ്റ്റന്റ് സർജന് പുനർ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ഉത്തരവ് നം. ഇ.എ4- 63635/18/ആ.വ.ഡ തീയതി 01.11.2018

**ഉത്തരവ് നം. ഇ.എ2-444/18/ആ.വ.ഡ തീയതി 12.11.2018**

അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന അസിസ്റ്റന്റ് സർജനായ ഡോ. രമ്യ രാജന് അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി പുനർനിയമനം നൽകാൻ പരാമർശ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു.

ആയതിനാൽ ഡോ. രമ്യ രാജനെ അച്ചടക്ക നടപടികളുടെ തീർപ്പിനു വിധേയമായി **പാലക്കാട് ജില്ലാ ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറായി** നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. രമ്യ രാജൻ, മേഴ്സിലാന്റ്, അഷ്ടമുടി.പി.ഒ, കൊല്ലം- 691602

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പാലക്കാട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജില്ലാ ആശുപത്രി പാലക്കാട്
4. ഇ.എ4 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

**അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**